11 (*267) സഹകരണ ടെക്സ്റ്റയിൽ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ടെക്സ്റ്റൈൽ വ്യവസായ പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ:
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ). സഹകരണ ടെക്സ്റ്റൈൽ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ വയനാട്, കോഴിക്കോട് ജില്ലകളിൽ ആരംഭിക്കാനുദ്ദേശിച്ച ടെക്സ്റ്റൈൽ വ്യവസായ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി എന്ന് വെളിപ്പെടുത്തുമോ;

(സി) ടെക്സ്റ്റൈൽ വ്യവസായ പദ്ധതി എത്ര വർഷംകൊണ്ട് പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഇ) ടെക്സ്റ്റൈൽ വ്യവസായ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ വസ്ത്ര നിർമ്മാണ വിപണന രംഗങ്ങളിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് പറയുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) കോഴിക്കോടും വയനാടും പദ്ധതിക്ക് ആവശ്യമുള്ള സ്ഥലം വാങ്ങിക്കഴിഞ്ഞു. വയനാട് പവർലൂം ആന്റ് മൾട്ടി പർപ്പസ് സഹകരണ സംഘം മുഖാന്തിരവും കോഴിക്കോട് കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം സഹകരണ സംഘം വഴിയുമാണ് പദ്ധതികൾ നടപ്പിലാക്കുക. വയനാട് 1300-ഓളം ചതുരശ്ര അടിയുള്ള ഷെഡ്. പണിത് 20 പേരടങ്ങുന്ന ആദ്യത്തെ ബാച്ചിന് 23.5.1999 മുതൽ പരിശീലനം നൽകിവരുന്നു. കോഴിക്കോട് സിറ്റ്റ (സൗത്ത് ഇൻഡ്യ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷൻ) യുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രാരംഭ ഘട്ട ജോലികൾ ആരംഭിച്ചു.

(സി) വയനാട് പദ്ധതി ഒരു വർഷത്തിനുള്ളിലും കോഴിക്കോട് പദ്ധതി രണ്ട് വർഷത്തിനുള്ളിലും പൂർണ്ണമായും കമ്മീഷൻ ചെയ്യാവുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

(ഡി) വയനാട്ടിൽ പരോക്ഷമായും പ്രത്യക്ഷമായും 1000 (ആയിരം) പേർക്കും കോഴിക്കോട് 5300-ലേറെ പേർക്കും പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുമ്പോൾ തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു.

(ഇ) ആഭ്യന്തര വിപണിയിൽ ഇന്നു ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള വസ്ത്രങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതോടൊപ്പം കയറ്റുമതി രംഗത്ത് കേരളത്തിലെ വസ്ത്ര വ്യവസായത്തിന് അവസരം ഒരുക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly